# ‘യഹോവ നിത്യദൈവം’

## യെശെയ്യാവ് 40:28-29

**“നിനക്കറിഞ്ഞുകൂടെയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു.”**

ഇതിനു മുൻ വാക്യത്തിൽ നോക്കിയാൽ അവിടെ പറയുന്നു ‘എന്നാൽ എന്റെ വഴി യഹോവെക്കു മറഞ്ഞിരിക്കുന്നു; എന്റെ ന്യായം എന്റെ ദൈവം കാണാതെ കടന്നുപോയിരിക്കുന്നു എന്നു, യാക്കോബേ, നീ പറയുകയും യിസ്രായേലേ, നീ സംസാരിക്കുകയും ചെയ്യുന്നതെന്തു?’ ഇന്നു സ്വന്ത ബുദ്ധിയാൽ ഈ ലോകത്തിലുള്ളതിനെയൊക്കെയും അടക്കിഭരിക്കാനുള്ള മനുഷ്യന്റെ വ്യഗ്രതയിൽ പലപ്പോഴും ഈ സൃഷ്ടാവാം ദൈവത്തെ ഒന്നു നോക്കുവാനോ അവന്റെ സ്വരം ഒന്നു കേൾക്കുവാനോ അതിനനുസരിച്ചു ജീവിക്കുവാനോ മനുഷ്യൻ മറന്നു പോയിരിക്കുന്നു. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നാമോരോരുത്തരും ഒരു ആത്മപരിശോധനക്കായി നമ്മോട് ചോദിച്ച് ഉത്തരം കണ്ടെത്തേണ്ട ഒരു ചോദ്യമാണ് നാം വായിച്ചു കണ്ടത്. കാരണം ഇന്നു നാം വിചാരിക്കുന്നതും ആഗ്രഹിക്കുന്നതുമായ വഴിയിൽ നമ്മുടെ ജീവിതം കൊണ്ടു പോവാൻ സാധിക്കുന്നില്ലായെങ്കിൽ അതു വിധിയെന്നും ദൈവം നമ്മെ കൈവിട്ടതാണെന്നും എന്നാൽ ജീവിതത്തിൽ ചില ഉയർച്ചകളോ മാനങ്ങളോ ഉണ്ടാവുമ്പോൾ അത് സ്വന്ത പരിശ്രമത്താലുള്ളത് എന്നുമുള്ള പഠിപ്പിക്കലുകളാണ് ഇന്ന് ലോകത്തിലുള്ളത്. എന്നാൽ മറിച്ച് ജീവിതത്തിന്റെ ഏതൊരവസ്ഥയാണെങ്കിലും അത് ദൈവനിയോഗപ്രകാരമുള്ളതാണോ എന്ന് ദൈവത്തോട് ആരാഞ്ഞ് ജീവിക്കുക എന്നത് ഇന്നു മനുഷ്യൻ പാടെ മറന്നു കളഞ്ഞിരിക്കുന്നു.

ഇന്ന് ജീവിതത്തിൽ ഒരു താഴ്ചയോ ഉയർച്ചയോ എന്തുമാകട്ടെ അത് എന്റെ ദൈവം അറിയാതെ എനിക്കു സംഭവിക്കുകയില്ല എന്ന് വിശ്വസിക്കാനുള്ള ഒരു ബോദ്ധ്യവും മനസ്സും നമുക്കുണ്ടായിരിക്കണം. അതിന്നു ഏറ്റവും പരമപ്രധാനമായിട്ടു വേണ്ടത് ദൈവവുമായുള്ള ഒരു ആത്മബന്ധമാണ്. ഇന്നു എനിക്കും നിങ്ങൾക്കും വേണ്ടി അവൻ ചെയ്തതിന്റെ വലിപ്പവും പെരുമയും ഒക്കെ ഒന്നു മനസ്സിലാക്കിയെങ്കിൽ മാത്രമേ അതു സാധ്യമാകൂ. അതിന്നു നാം നിരന്തരം വചനത്തിൻ കീഴിൽ നമ്മെ തന്നെ

ഏൽപ്പിച്ചുകൊടുക്കണം. അപ്പോൾ അവൻ നമ്മുടെ മനസ്സിലെ അന്ധകാരത്തെ എടുത്തുമാറ്റി നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അവന്റെ പരിശുദ്ധാത്മാവിനെ ജ്വലിപ്പിക്കാൻ തുടങ്ങുകയും അതിൻഫലമായി നാം അവന്റെ വചനത്തെ വിവേചിപ്പാൻ തക്ക വിധത്തിൽ നമ്മെത്തന്നെ പാകപ്പെടുത്തിയെടുക്കുന്നവരുമായിത്തീരും.

അനുനിമിഷം നമ്മെത്തന്നെ അവനു കീഴിൽ സമർപ്പിച്ചു ജീവിക്കാൻ ശ്രമിക്കുക. ഒരു തരത്തിൽ പറഞ്ഞാൽ ഒരു അടിമ എപ്രകാരമാണോ ഒരു യജമാനനെ സേവിക്കുക അപ്രകാരം നമ്മുടെ യജമാനനായ നമ്മുടെ പിതാവാം ദൈവത്തിനു കീഴിൽ നിന്നെത്തന്നെ ഒരു അടിമയായി സമർപ്പിക്കുക. ആ അടിമത്വത്തിന്നുള്ള ഒരു ആശ്വാസം എന്നു പറയുന്നതു ഒന്നു വേറെ തന്നെയാണെന്ന് നാം അത് അനുഭവിക്കുമ്പോൾ മനസ്സിലാകും. കാരണം അവൻ നമ്മെ തന്റെ മക്കളായിട്ടാണ് കാണുന്നത്. അവന്റെ കരത്തിൽ ആശ്വാസം കണ്ടെത്തുക എന്നതിൽ പരം ഒരു വലിയ കാര്യം നമുക്ക് ജീവിതത്തിൽ വേറെയില്ല. എന്തിനും ഏതിനും അവനെ ആശ്രയിച്ച് ജീവിക്കുക. അദ്ധ്യായം 40 ന്റെ അവസാനഭാഗങ്ങളിൽ നാം കാണുന്നു "ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും; യൗവ്വനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും"

ഇന്നു നാം ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ അറിയുന്ന ഒരു നിത്യനും ശക്തനുമായ ദൈവം നമ്മോട് കൂടെ ഉണ്ടെന്നുള്ള ഒരു ബോദ്ധ്യത്തിലായിരിക്കണം നമ്മുടെ ജീവിതത്തെ ക്രമീകരിക്കേണ്ടത്. അതു നമ്മെ നമ്മുടെ തളർച്ചയിൽ നിന്നും ഒരു കഴുകനെപ്പോലെ തന്റെ ശക്തിയെ പുതുക്കി ചിറകടിച്ചുയരുവാനുള്ള ആത്മശക്തി നമ്മിൽ പകരാൻ ഇടവരുത്തും. ഈ ദൈവ വചനത്താൽ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ ബലപ്പെടുത്തുമാറാകട്ടെ.

**പരാമർശം :**

സങ്കീർത്തനങ്ങൾ 18:2

**"യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു."**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 080**